بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 21-02-2025 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## മുസ്‌ലിഹ് മൗഊദ്(റ)നെക്കുറിച്ചുള്ള പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ വിവിധ ഭൗതീക വിഷയങ്ങളിലുള്ള പ്രഭാഷണങ്ങളുടെയും സംഭാഷണങ്ങളുടെയും ആമുഖം.

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ. اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ. الرَّحْمٰنِ الرَّحِيْمِ. مٰلِكِ يَوْمِ الدِّيْنِ. إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ. اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ. صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ.

തശഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു; ഇന്നലെ ഫെബ്രുവരി 20 ആയിരുന്നു. ജമാഅത്തിൽ ഈ ദിനം മുസ്‌ലിഹ് മൗഊദ് ദിനമായി അറിയപ്പെടുന്നു. അന്നേ ദിവസം അല്ലെങ്കിൽ അതിനു തൊട്ടടുത്ത ഏതെങ്കിലും ദിവസത്തിലോ മുസ്‌ലിഹ് മൗഊദ്(റ)ന്റെ പ്രവചനത്തെ സംബന്ധിച്ച യോഗങ്ങളും നടക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സുദീർഘമായ പ്രവചനമാണത്. അതിൽ ഒരു പുത്രന്റെ ജനനത്തെ കുറിച്ചും അവന്റെ സവിശേഷതകളെക്കുറിച്ചും പരാമർശിക്കുന്നു. 1886 ഫെബ്രുവരി 20 അത് വിജ്ഞാപനമെന്നോണം പ്രസിദ്ധപ്പെടുത്തി. ഈ പ്രവചനത്തിൽ പുത്രന്റെ സവിശേഷതകളെ കുറിച്ചുള്ള ഇൽഹാമിന്റെ ഒരു ഭാഗം ഇപ്രകാരമാണ്; ''അവൻ അതിബുദ്ധിശാലിയും വിവേകജ്ഞാനിയുമായിരിക്കും''...അവൻ ബാഹ്യവും ആന്തരികവുമായ ജ്ഞാനങ്ങളാൽ നിറയ്ക്കപ്പെടും ''. അതനുസരിച്ച് അല്ലാഹുതആലാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഈ ഗുണങ്ങളോടു കൂടിയ ഒരു പുത്രനെ നൽകി. അദ്ദേഹത്തിന്റെ പേര് ബശീറുദ്ദീൻ മഹ്മൂദഹ്മദ് എന്നാണ്. മുസ്‌ലിഹ്മൗഊദ് എന്നും വിളിക്കപ്പെടുന്നു.

പ്രവചനത്തിലെ അവൻ ബാഹ്യവും ആന്തരികവുമായ ജ്ഞാനങ്ങളാൽ നിറയ്ക്കപ്പെടും എന്ന വചനപ്രകാരം അല്ലാഹു സ്വയം അദ്ദേഹത്തിന് ബുദ്ധിശക്തി നൽകുകയും ജ്ഞാനങ്ങളാൽ നിറയ്ക്കുകയും ചെയ്തു. ഭൗതീകമായ വിഷയങ്ങളിൽ അദ്ദേഹം വളരെ ബലഹീനനായിരുന്നു. എന്നാൽ അല്ലാഹു അദ്ദേഹത്തെക്കൊണ്ട് എപ്രകാരം, വൈജ്ഞാനികവും മതപരപരവും വ്യവസ്ഥാപരവുമായ പ്രവൃത്തികൾ ചെയ്യിച്ചുവെന്നാൽ വലിയ അഭ്യസ്തവിദ്യരായ ആളുകൾ പോലും അദ്ദേഹത്തിനുമുന്നിൽ ശിശുക്കളെപ്പോലെയായിരുന്നു. അദ്ദേഹത്തിന്റെ 52 വർഷത്തെ ഖിലാഫത്ത് കാലഘട്ടം അതിന് സ്പഷ്ടമായ തെളിവാണ്. ലൗകീകമായ വ്യത്യസ്ത വിഷയങ്ങളിൽ അദ്ദേഹം അനേകം പ്രഭാഷണങ്ങൾ നടത്തുകയും ലേഖനങ്ങളെഴുതുകയും ചെയ്തിട്ടുണ്ട്. ദീനിജ്ഞാനത്തിനും ഖുർആനിക ജ്ഞാനത്തിനും പരിധിയില്ലായിരുന്നു. ഭൗതീകമായ വിവിധ വിഷയങ്ങളിൽ ദേശിയവും അന്തർദേശീയവുമായ രാഷ്ട്രീയ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടത്തുകയും ലേഖനങ്ങളെഴുതുകയും ചെയ്തിട്ടുണ്ട്. ചരിത്രപരമായി അസാമാന്യ നിലവാരം പുലർത്തുന്ന പ്രഭാഷണങ്ങൾ നടത്തുകയും ലേഖനങ്ങളെഴുതുകയും ചെയ്തു. സാമ്പത്തിക കാര്യങ്ങൾ, ലോകത്തിലെ ഇതര സംഘടകളും വ്യവസ്ഥിതികളും മുതൽ സോഷ്യലിസം, കമ്മ്യൂണിസം, ക്യാപിറ്റലിസം എന്നിവയെക്കുറിച്ച് നിരൂപണം നടത്തുകയും അതു സംബന്ധമായി പ്രഭാഷണങ്ങൾ നടത്തുകയും പിന്നീട് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയുമുണ്ടായി. ഇത് ജമാഅത്തു സാഹിത്യങ്ങളിൽ ലഭ്യമാണ്. ഏതുവരെയെന്നാൽ, സൈനിക കാര്യങ്ങളിലും ശാസ്തീയ വൈജ്ഞാനിക വിഷയങ്ങളിലും വിജ്ഞാനനിർഭരമായ കാര്യങ്ങൾ വിവരിക്കുന്നതു കാണുമ്പോൾ മനുഷ്യന്റെ ബുദ്ധി വിസ്മയസ്തബ്ധമായിപ്പോകുന്നു.

ഹുസൂർ പറഞ്ഞു, ഞാൻ ഇവിടെ ആമുഖമെന്നോണം ഏതാനും ഉദാഹരണങ്ങൾ സമർപ്പിക്കാം.

അദ്ദേഹം(ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)) 'തുർക്കിയുടെ ഭാവിയും മുസ്‌ലിംകളുടെ ഉത്തരവാദിത്വങ്ങളും' എന്ന വിഷയത്തിൽ അഭിപ്രായ പ്രകടനം നടത്തുകയും അതിനെ വിശകലനം ചെയ്യുകയും ചെയ്തു. ഇത് 1919 ൽ അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലഘട്ടത്തിന്റെ ആരംഭത്തിലുള്ള കാര്യമാണ്. അതിന്റെ ചുരുക്കം ഇതാണ്; സാർവ്വമത ഐക്യത്തിന്റെ ഏതവസരവും പ്രയോജനപ്പെടുത്തുന്നതിനായി, തുർക്കി ഭരണകൂടം അപകടാവസ്ഥയിലായിരുന്ന സമയത്ത് വളരെ ആസൂത്രിതമായ വിദഗ്ധ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 1919 സെപ്റ്റംബർ17 നാണ് ഈ പുസ്തകമെഴുതിയത്. വ്യത്യസ്ത ചിന്താഗതിക്കാരായ മുസ്‌ലിംകളുടെ ഐക്യത്തിനും ഒത്തൊരുമയ്ക്കുമായി അദ്ദേഹം ഇപ്രകാരം തത്വങ്ങൾ വിവരിക്കുകയുണ്ടായി. ആ സമ്മേളനത്തിന്റെ അടിസ്ഥാനമെന്നു പറയുന്നത് ഇതുമാത്രമായിരിക്കണം.

അതായത് മുസ്‌ലിംകളെന്നു പറയുന്ന ഭരണകൂടത്തെ നീക്കം ചെയ്യുകയോ പ്രവിശ്യാപദവി നൽകുകയോ ചെയ്യുക എന്നത് മുസ്ലിംകളെന്നു പറയപ്പെടുന്ന വിഭാഗങ്ങൾക്ക് അംഗീകരിക്കാൻ പറ്റാത്ത നടപടിയായിരിക്കും. അങ്ങനെ ചിന്തിക്കുന്നതുപോലും അവർക്ക് ദുഷ്കരമാണ്. തുർക്കിയുടെ നന്മയ്ക്കായി അദ്ദേഹം നൽകിയ മറ്റൊരു അഭിപ്രായം, കേവലം സമ്മേളനങ്ങൾ കൊണ്ടോ പ്രഭാഷണങ്ങൾക്കൊണ്ടോ പണം സ്വരൂപിച്ച് ലഘുലേഖകകൾ പ്രസിദ്ധീകരിച്ചതുകൊണ്ടോ കാര്യം നേടാനാകില്ല. മറിച്ച് കൃത്യമായ നിരന്തര പരിശ്രമിത്തിലൂടെ ലോകത്തെ എല്ലാ രാജ്യങ്ങളിലും ഇത് നടപ്പിലാക്കിക്കേണ്ടതാവശ്യമാണ്.

ഹുസൂർ ഇതിനെ വിശകലനം ചെയ്തുകൊണ്ട് പറഞ്ഞു; ഇന്നത്തെ മുസ്ലിംകളും ഇക്കാര്യംതന്നെയാണ് ചിന്തിക്കേണ്ടത്. അന്ന് അത് തുർക്കി ഭരണകൂടവുമായി മാത്രം ബന്ധപ്പെട്ടതായിരുന്നു. ഇന്ന് മുൻപത്തേക്കാളുപരി മുസ്ലിംലോകവും അറബ് ലോകവും ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കേവലം മുദ്രാവാക്യം വിളികൊണ്ടോ മീറ്റിങ്ങുകൾ സംഘടിപ്പിച്ചതുകൊണ്ടോ കാര്യം നടക്കുകയില്ല മറിച്ച് കർമ്മനടപടിയിലേക്കു കടക്കേണ്ടതുണ്ട്. തുർക്കികളോട് അഥവാ ഇസ്ലാമിനോട് വിദ്വേഷവും പകയും വച്ചുപുലർത്തുന്നതിന്റെ കാരണം വിവരിച്ചുകൊണ്ട്, ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനായി അദ്ദേഹം(ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)) മാർഗനിർദേശം നൽകിക്കൊണ്ട് പറഞ്ഞു മുസ്ലിംകൾ അവരുടെ തെറ്റുകളിൽനിന്നും പശ്ചാത്തപിച്ചുകൊണ്ട് അല്ലാഹുവിലേക്ക് തിരിയുക. ഇസ്ലാമിനെക്കുറിച്ചും അതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചും സ്വയം ബോധവാന്മാരാകുകയും മറ്റുള്ളവരെ ബോധവൽക്കരിക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെയാകുമ്പോൾ മുസ്ലിംകൾക്ക് വന്നു ഭവിച്ചിരിക്കുന്ന ദൗർഭാഗ്യാവസ്ഥ അകലുന്നതാണ്. (ഹുസൂർ പറയുന്നു) ഇതേ തത്വംതന്നെ ഇന്നും മുസ്ലിംകൾ അനുവർത്തിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം എതിരാളികൾ ഇസ്‌ലാമിന്റെയും മുസ്ലിംലോകത്തിന്റെയും ചുറ്റുമുള്ള സ്വാതന്ത്ര്യവലയം ഞെരുക്കുന്നതാണ്. ഞെരുക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

പിന്നീട് ഓൾ പാർട്ടീസ് കോൺഫറൻസിന്റെ അവസരത്തിൽ അദ്ദേഹം 'ഓൾ പാർട്ടീസ് കോൺഫറൻസ് പരിപാടിയിലേക്ക് ഒരെത്തിനോട്ടം' എന്ന ശീർഷകത്തോടെ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. 1925 ജൂലൈ 13ന് ആണ് ഈ ലഘുലേഖ ഹുസൂർ(റ) എഴുതി തയ്യാറാക്കിയത്.

ഈ ലഘുലേഖയുടെ തുടക്കത്തിൽ ഹുസൂർ ഇസ്ലാമിന്റെ മതപരവും രാഷ്ട്ടീയപരവുമായ കാര്യങ്ങളെ പരിചയപ്പെടുത്തി. രാഷ്ട്രീയപരമായ കാര്യങ്ങളിൽ മുസ്ലിംകൾ തികച്ചും ഒത്തൊരുമ കാണിക്കേണ്ടതാണെന്നുള്ള വിലപ്പെട്ട ഉപദേശങ്ങൾ എല്ലാ മുസ്ലിം വിഭാഗങ്ങൾക്കും മുമ്പാകെ സമർപ്പിക്കുകയുണ്ടായി. കാരണം രാഷ്ട്രീയപരമായി ഒരു സമുദായത്തെ മാറ്റിനിർത്തിയാൽ മറ്റു മറ്റൊരു സമുദായത്തിലേക്ക് തിരിയാതിരിക്കുന്നതെങ്ങിനെ. അതിനു ശേഷം ഇസ്ലാമിന്റെ അഭിവൃദ്ധിക്കും രാഷ്ട്രീയപരമായ പ്രബലതയ്ക്കും വേണ്ട അഭിപ്രായനിർദ്ദേശങ്ങൾ നൽകി. സമാധാന സംസ്ഥാപനത്തിനായി മതപരമായ കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക. പരസ്പരം പ്രോത്സാഹനം നൽകുന്നതോടൊപ്പം മറ്റുള്ളവർക്ക് അവരവരുടെ ആദർശ വിശ്വാസപ്രകാരം പ്രവർത്തിക്കാൻ അനുവദിക്കുകയും സ്വന്തം ആദർശമനുസരിച്ച് സ്വയം പ്രർത്തിക്കുകയും ചെയ്യുക.

വ്യാപാര, വ്യവസായ സംബന്ധമായി നിർദേശങ്ങൾ നൽകിക്കൊണ്ട് പറഞ്ഞു; വ്യാപാരമേഖലയിൽ മുസ്ലിംകൾ അശ്രദ്ധമായി പെരുമാറുന്ന കാരണം വ്യാപാരകാര്യത്തിൽ ഹിന്ദുക്കളുടെ അടിമകളായിത്തീർന്നിരിക്കുന്നു. (അന്നത്തെ അവസ്ഥയായിരുന്നു അത്. ഇന്ന് ഇക്കാര്യത്തിൽ ലോക ഭരണകൂടങ്ങളുടെയും വ്യാപാരികളുടെയും അടമയായി നാം മാറിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ മുസ്ലിം ഭരണകൂടങ്ങൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.)

ഹുസൂർ പറഞ്ഞു; ചില മുസ്ലിം രാജ്യങ്ങളിൽ പ്രത്യേകിച്ചും അഹ്മദികളെ സംബന്ധിച്ച്, ഇവർ കാഫിർ ആണ് എന്ന ചിന്താഗതിയുണ്ട്. പൊതുവെ പല വിഭാഗങ്ങളും പരസ്പരം കാഫിർ ആക്കുന്ന അവസ്ഥാവിശേഷമാണുള്ളത്. എന്നാൽ ഇത് കാരണമായി അമുസ്ലിം രാജ്യങ്ങളിൽ ദുസ്വാധീനമുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇത് മുസ്ലിംകൾക്ക് ക്ഷതമേൽപ്പിക്കുകയാണ്. അതുകൊണ്ട് ഇന്നും ഈ ഒരു പോയിന്റ് മുസ്ലിം ഭരണകൂടങ്ങളും മുസ്ലിംകളും മനസ്സിലാക്കേണ്ടതാണ്.

ഇന്ത്യ, ഇന്തോ പാക്കിലെയും അപ്പോഴത്തെ അവസ്ഥകളെ സംബന്ധിച്ച കാര്യങ്ങൾക്കായി ഒരു വട്ടമേശാ സമ്മേളനം നടന്നിരുന്നു. അതിൽ മുസ്ലിംകളുടെ പ്രാതിനിധ്യത്തിന്റെ ചർച്ചയും ഉയർന്നിരുന്നു. ഹുസൂർ(റ) അന്ന് ഗവൺമെന്റിനോടും അഭിപ്രായപ്പെട്ടിരുന്നത് രാഷ്ട്രീയതലത്തിൽ ജമാഅത്തുകളുടെ അഭിപ്രായപ്രകാരം പ്രതിനിധികളെ തിരഞ്ഞെടുക്കുക എന്നതായിരുന്നു. അങ്ങനെയാണെങ്കിൽ കോൺഫറൻസിലെ തീരുമാനങ്ങൾ ജനങ്ങൾ സസന്തോഷം സ്വീകരിക്കുന്നതാണ്. കൂടാതെ ഇന്ത്യയിലെ അപ്പോഴത്തെ രാഷ്ട്രീയ സ്ഥിതിഗതികൾക്ക് പരിഹാരമെന്നോണം അദ്ദേഹം ഒരു ലേഖനമെഴുതുകയുണ്ടായി. ഹുസൂർ(റ) നിരൂപണത്തിൽ മുസ്ലിംകളുടെ അവകാശങ്ങളും ആവശ്യങ്ങളും എന്ന വിഷയത്തിൽ തൃപ്തികരമായ ചർച്ച നടത്തി. അതിന്റെ യുക്തി എന്താണെന്ന് സ്പഷ്ടമാക്കി. അതോടൊപ്പം ഇന്ത്യ

യിലെ രാഷ്ട്രീയ പ്രശ്നങ്ങൾക്ക് അങ്ങേയറ്റം യുക്തിസഹമായതും തൃപ്തികരവുമായ പരിഹാരം നിർദേശിക്കുകയുണ്ടായി. വട്ടമേശാ സമ്മേളനത്തിൽ പങ്കെടുക്കുന്നവർ അത് വായിച്ച് പ്രയോജനപ്പെടുത്തുന്നതിനായി ആ വിശകലനത്തിന്റെ ഇംഗ്ലീഷ് എഡിഷൻ പ്രസിദ്ധീകരിക്കുന്നതിനായി അയച്ചുകൊടുത്തു. മുസ്ലിം പ്രതിനിധികൾക്ക് അത് വളരെ പ്രയോജനപ്പെട്ടു. ഹുസൂറിന്റെ ഈ പുസ്തകത്തിന് ഇന്ത്യയിലും ഇംഗ്ലണ്ടിലും രണ്ടിടത്തും വലിയ സ്വീകരണം ലഭിച്ചു. വളരെ ശ്രദ്ധയോടെയും താല്പര്യത്തോടെയും അത് വായിക്കപ്പെട്ടു. പല രാഷ്ട്രീയചിന്തകന്മാരും പത്രപ്രവർത്തകരും വളരെ മനോഹരമായ വാക്കുകളാൽ അഭിനന്ദിക്കുകയുണ്ടായി.

അതിനുശേഷം ഹുസൂർ അൻവർ താരീഖെ അഹ്മദിയ്യത്തിൽ നിന്നും ഇതുസംബന്ധിച്ച ഏതാനും ഉദാഹരണങ്ങൾ സമർപ്പിച്ചു. സർ അബ്ദുല്ലാഹ് ഹാറൂൺ എം എൽ എ കറാച്ചി പറയുന്നു; എന്റെ അഭിപ്രായത്തിൽ ഇന്ത്യൻ രാഷ്ട്രീയ അധ്യായത്തിൽ അനേകം പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട് അതിൽ 'ഇന്ത്യയിലെ രാഷ്ട്രീയ പ്രശ്നങ്ങൾക്കൊരു പരിഹാരം' (ഹിന്ദുസ്ഥാൻ കേ സിയാസി മസായിൽ കാ ഹൽ) എന്ന പുസ്തകം മികച്ച കൃതിയാണ്.

ലോകത്തെ ഇന്നത്തെ അരക്ഷിതാവസ്ഥയ്ക്ക് പരിഹാരം നിർദ്ദേശിച്ചു കൊണ്ടും അദ്ദേഹം എഴുതിയിട്ടുണ്ട്. അദ്ദേഹം ആഗോള സമാധാനം കാക്ഷിച്ചുകൊണ്ട് 1946 ഒക്ടോബർ 9ന് ഡൽഹിയിൽ പ്രൗഢഗംഭീരമായ പ്രഭാഷണം നടുത്തുകയുണ്ടായി. ഇസ്‌ലാമിക രാഷ്ട്രീയ നിയമരീതികളെക്കുറിച്ചും അദ്ദേഹം അഭിപ്രായപ്രകടനം നടത്തുകയുണ്ടായി. പൊതുജനങ്ങളുടെ പ്രയോജനാർത്ഥം ഈ പ്രഭാഷണം 1948 ഫെബ്രുവരി 18ന് ഒരു ലഘുലേഖയുടെ രൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ പ്രഭാഷണത്തിൽ അദ്ദേഹം ഇസ്ലാമിന്റെ നിയമരീതികൾ വിശദീകരിച്ചുകൊണ്ട് തദ്വിഷയത്തിലേക്ക് വെളിച്ചം വീശിക്കൊണ്ട് പറഞ്ഞു; ഭരണകൂടത്തിന്റെ അടിസ്ഥാനം പൂർണ്ണരീതിയിൽ ഇസ്ലാമികമാകില്ല അതു സാധ്യവുമല്ല, എങ്കിലും ഭരണകൂടത്തിന്റെ പ്രവർത്തനരീതി ഇസ്ലാമികമാകാവുന്നതാണ്. അത്തരത്തിൽ മുസ്ലിംകളെ സംബന്ധിച്ചിടത്തോളം അവരുടെ നിയമവും ഇസ്ലാമികമായിരിക്കും. ഇസ്ലാം ഉദ്ദേശിക്കുന്നതും ഇതുതന്നെയാണ്. ഇസ്ലാം ഒരിക്കലും ഹിന്ദുക്കളെയും ക്രിസ്ത്യാനികളെയും ജൂതന്മാരെയും ഇസ്ലാമികരീതിയനുസരിച്ചു പ്രവർത്തിക്കാൻ നിർബന്ധിതരാക്കുന്നില്ല. എന്നു മാത്രമല്ല അതിനെതിരാണ്.

പിന്നീട് രണ്ടാം ലോകമഹാ യുദ്ധത്തിൽ റഷ്യയുടെ പോളണ്ടിലേക്കുണ്ടായ പ്രവേശനത്തെക്കുറിച്ചുള്ള വിശകലനവുമുണ്ട്. രണ്ടാം ലോകമഹാ യുദ്ധത്തിൽ റഷ്യ പോളണ്ടിൽ പ്രവേശിച്ചതിന്റെ കാരണങ്ങളെയും ലക്ഷ്യങ്ങളെയും കുറിച്ച് വിശകലനം ചെയ്തു. അന്താരാഷ്ട്രാ തലത്തിലുള്ള അവസ്ഥാവിശേഷങ്ങളിലേക്കും നല്ല ശ്രദ്ധയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഇതുസംബന്ധമായിട്ടുള്ള ലേഖനങ്ങളുമുണ്ട്. മതപരമായ സാഹിത്യങ്ങളും തഫ്സീറുകളും ധാരാളമുണ്ട്. ജുമുആ ഖുത്ബകളുടെയും ജമാഅത്ത് സമ്മേളനങ്ങളിലും മറ്റവസരങ്ങളിലുള്ള പ്രഭാഷണങ്ങൾ അറിവിന്റെ, ജ്ഞാനത്തിന്റെ ഒരു ഭണ്ഡാരമാണ്.

ചുരുക്കത്തിൽ, അല്ലാഹുവിന്റെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള പ്രവചനത്തിലെ വാഗ്ദാനപ്രകാരം ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ)ൽ പൂർത്തിയാക്കിക്കാണിച്ചു. അതിലെ ചില ഉദാഹരണങ്ങൾ മാത്രമാണ് ഞാനിപ്പോൾ നിങ്ങൾക്കു നൽകിയത്. വിജ്ഞാനം തുളുമ്പുന്ന അദ്ദേഹത്തിന്റെ സാഹിത്യങ്ങൾ നാം വായിക്കാൻ ശ്രമിക്കേണ്ടതാണ്. ഇന്നത്തെ സാഹചര്യങ്ങൾക്കു തുല്യമായ ധാരാളം കാര്യങ്ങളുണ്ട് അതും പ്രയോജനപ്പെടുത്താവുന്നതാണ്. അല്ലാഹു അതിന് തൗഫീഖ് നൽകുമാറാകട്ടെ.(ആമീൻ)

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 21-02-2025
Malayalam Translation: **Moulavi Najmudheen** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516